LIBRARY ARCHIVES Kerala Legislative Assembly

സുഗമമാക്കൽ, നഗര മേഖലയിലെ പരിഷ്കരണങ്ങൾ എന്നീ സംസ്ഥാനതല പരിഷ്കരണങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകൾക്ക് വിധേയമായാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത പരിഷ്കരണങ്ങൾ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്തതരത്തിൽ നടപ്പിലാക്കിക്കൊണ്ട് 2 ശതമാനം അധികവായ്പ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 സാമ്പത്തികവർഷത്തിൽ 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വായ്പാപരിധി GSDP-യുടെ 4 ശതമാനമായി നിശ്ചയിച്ചുനൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള 2021-22 വർഷത്തെ വായ്പാപരിധി 36087 കോടി രൂപയാണ്. ഇതിൽ, 0.5% മൂലധന ചെലവിനത്തിൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ലഭ്യമാകുന്നത്. കൂടാതെ, 4% വായ്പാപരിധിക്ക് പുറമേ 0.5% വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് ലഭ്യമാകുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ പൊതുകടം

14(277) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2016-17, 2017-18, 2018-19, 2019-2020, 2020-2021 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന സർക്കാരിന്റെ പൊതുകടം, പൊതുകടത്തിലുണ്ടായ വർദ്ധനവ്, വർദ്ധനയുടെ ശതമാനം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും വർദ്ധനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	(തുക കോടിയിൽ)		
വർഷം	പൊതുകടം	പൊതുകടത്തിലുണ്ടായ വർദ്ധനവ്	പൊതുകടത്തിലുണ്ടായ വർദ്ധനവ് (%)
2016-17	125882.85	16151.89	14.72
2017-18	142984.53	17101.67	13.59

LIBRARY ARCHIVES Kerala Legislative Assembly

2018-19	158234.45	15249.92	10.67
2019-20*	174640.22	16405.77	10.37
2020-21**	205447.51	30807.29	17.64

(*സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1471 കോടി രൂപയുടെ അധികവായ്പ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിരുന്നു. **കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിരുന്നു.)

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം പ്രസ്തുത അഞ്ച് സാമ്പത്തിക വർഷത്തെ സംസ്ഥാന സർക്കാരിന്റെ ആകെ കടം, ആകെ കടത്തിലുണ്ടായ വർദ്ധന, വർദ്ധനവിന്റെ ശതമാനം എന്നിവ വ്യക്തമാക്കുമോ?

2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യതയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	(തുക കോടിയിൽ)		
വർഷം	ആകെ കടം	ആകെ കടത്തിലുണ്ടായ വർദ്ധനവ്	ആകെ കടത്തിലെ വർദ്ധനവ് (%)
2016-17	186453.86	29083.54	18.48
2017-18	210762.36	24308.50	13.04
2018-19	235631.49	24869.13	11.80
2019-20*	260311.37	24679.88	10.47
2020-21**	299724.15	39412.78	15.14

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(*സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1471 കോടി രൂപയുടെ അധികവായ്പ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിരുന്നു. *** കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിരുന്നു.)

സംസ്ഥാനത്തിന്റെ പൊതുകടം

15(278) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2016 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം, ആകെ കടം, ആളോഹരികടം എന്നിവ എത്രയായിരുന്നു; വിശദാംശം നൽകാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-3-2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയും കടബാധ്യത 1,57,370.33 കോടി രൂപയുമായിരുന്നു. ഇത് പ്രകാരമുള്ള ആളോഹരി കടം 46,078.04 രൂപയായിരുന്നു.

(ബി) 2021 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം, ആകെ കടം, ആളോഹരികടം എന്നിവ എത്രയാണെന്ന് അറിയിക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്ക് പ്രകാരം 31-3-2021 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,05,447.51 കോടി രൂപയും കടബാധ്യത 2,99,724.15 കോടി രൂപയും ആളോഹരി കടം 86092.99 രൂപയുമാണ്.

വികസനവഴികൾ എന്ന പരിപാടിയുടെ സംപ്രേഷണം

16(279) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ വികസനവഴികൾ എന്ന പേരിൽ ദൃശ്യമാധ്യമങ്ങൾവഴി സംപ്രേക്ഷണം ചെയ്തിരുന്നോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly